പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 113 07.06.2018-ൽ മറുപടിക്ക്

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

ചോദ്യം

ശ്രീ.എ.പി. അനിൽ കുമാർ

,, കെ. മുരളീധരൻ

,, അനിൽ അക്കര

,, കെ.എസ്.ശബരീനാഥൻ

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിഷ്കർഷിക്കുന്ന ഡേറ്റാ ബാങ്കുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുമെന്ന വാഗ്ദാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; | (എ) | 1076 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടങ്ങളുള്ള 1054 എണ്ണത്തിൽ 669 പ്രദേശങ്ങളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള പ്രദേശങ്ങളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പൊതു ആവശ്യത്തിനായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ എന്തൊക്കെയാണ്; | (ബി) | 2017-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് അനുസരിച്ച് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 10-ാം വകുപ്പിലെ വ്യവസ്ഥകൾ ഒഴിവാക്കി പുതിയ വ്യവസ്ഥകൾ ചേർത്തിട്ടുണ്ട്. ആയതു പ്രകാരം നെൽവയലുകളും തണ്ണീർത്തടങ്ങളും രൂപാന്തരപ്പെടുത്തുന്നത് പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ ആക്റ്റിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കി കൊടുക്കാനും അത് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യാനും സർക്കാരിന് അധികാരം നൽകുന്നു. |
| (സി) | പ്രസ്തുത നിയമം നിലവിൽ വന്ന 2008-ന് മുമ്പ് നികത്തിയ നെൽ വയലുകൾ ഫീസ് ഒടുക്കി ക്രമവത്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം തീരുമാനിച്ചത് എത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. 2008-ന് മുമ്പ് നികന്നു കിടക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും വില്ലേജ് റിക്കാർഡുകൾ പ്രകാരം നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതുമായ ഭൂമിയിൽ വീട് വയ്ക്കുന്നതിനോ വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന പക്ഷം അനുമതിയ്ക്കായി ആർ.ഡി.ഒ യ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതും വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷ അനുവദിക്കുന്ന പക്ഷം റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിനായി |

അപ്രകാരമുള്ള ഭൂമിയുടെ ന്യായവിലയുടെ 50% നിരക്കിൽ ഫീസ് നൽകേണ്ടതുമാണ്. എന്നാൽ പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്നതും 120 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 40 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും പ്രത്യേക അനുമതി ആവശ്യമില്ലാത്തതാണ്.

WP(C) NO.13194/2017/(Y) എന്ന റിട്ട് പെറ്റീഷനും ബന്ധപ്പെട്ട മറ്റു കേസുകളും ഒരുമിച്ച് കേട്ട് ബഹു.ഹൈക്കോടതി 16.08.2017-ന് പുറപ്പെടുവിച്ച വിധിന്യായ പ്രകാരം, വീട് വയ്ക്കുന്നതിന് നികന്നു കിടക്കുന്ന ഭൂമി പഞ്ചായത്തിൽ 10-ഉം, മുനിസിപ്പാലിറ്റി പ്രദേശത്ത് 5-ഉം സെന്റ് ഭൂമി തരം മാറ്റി നൽകുന്നതിനു ജില്ലാ കളക്ടർ മാർക്കും റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും അധികാരം നൽകികൊണ്ട് പുറപ്പെടുവിച്ച 22.12.2016-ലെയും 01.03.2017-ലെയും സർക്കുലറുകൾ, റദ്ദാക്കുകയും 2008-ന് മുമ്പ് നികന്നു കിടക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും വില്ലേജ് റിക്കാർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ആയ ഭൂമി ക്രമവൽക്കരിച്ചു നൽകുന്നതിന് ലാൻഡ് യൂട്ടിലൈസേഷൻ ഓർഡറിലെ വ്യവസ്ഥകൾ പ്രകാരം ജില്ലാ കളക്ടർമാർക്കും റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും അധികാരം ഉണ്ടെന്നും ആയതിനാൽ അപ്രകാരം ചെയ്യാവുന്നതാണെന്നും വിധിക്കുകയുണ്ടായി. പ്രസ്തുത വിധിയ്ക്കെതിരെ ഫയൽ ചെയ്ത റിട്ട് അപ്പീലിൽ ബഹു.ഹൈക്കോടതി മുമ്പാകെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണെന്ന സത്യവാങ്മൂലം ഫയൽ ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിലാണ് കേരള ലാൻഡ് യൂട്ടിലൈസേഷൻ ഉത്തരവിലെ 6-ാം ഖണ്ഡം അനുസരിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർ മാർക്ക് സിദ്ധിച്ചിട്ടുള്ള അധികാരം ഉപയോഗിച്ച് നികന്നു കിടക്കുന്ന ഭൂമി തരം മാറ്റി നൽകുന്നതു മൂലം ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് വേണ്ടി ആവശ്യമായ മുൻകരുതലുകളും ജലസംഭരണ മാർഗ്ഗങ്ങളും മറ്റും വ്യവസ്ഥ ചെയതു കൊണ്ട് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി ഓർഡിനൻസ് കൊണ്ടു

| | | | |
|---|---|---|---|
| | | | വന്നത്. |
| (ഡി) | പ്രസ്തുത ഭേദഗതി നിർദ്ദേശം ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം വരുത്തുന്നതിന് മുമ്പ് സമീപത്തെ നെൽവയലുകളിലേക്കുള്ള സുഗമമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ലായെന്നും, ചേർന്ന് കിടക്കുന്ന ഭൂമിയിലെ നെൽകൃഷിയേയോ മറ്റ് ഏതെങ്കിലും വിളകളുടെ കൃഷിയേയോ ദോഷകരമായി ബാധിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. അപ്രകാരം തരം മാറ്റി നൽകുന്ന ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ കൂടുതൽ ആകുന്നിടത്ത് ജലസംഭരണ നടപടികൾക്കായി അപ്രകാരമുള്ള ഭൂമിയുടെ പത്ത് ശതമാനം നീക്കി വയ്ക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**